# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളാഞ്ചേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 25/139/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/02/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വളാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ )
3) റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഇ.മെയിൽ )
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം 25/139/2024 തീയ്യതി: 22/02/2024

## മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2023 മുതൽ 14-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 24-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 24-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഷ്റഫ് അമ്പലത്തിങ്ങൽ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. ബിജു ഫ്രാൻസിസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 04-09-2022 |
| ശ്രീ.ഷമീർ മുഹമ്മദ്. ബി | സെക്രട്ടറി | 05-09-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ശ്രുതി ഒ ടി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 12-06-2022 |
| ഡോ.സുജീഷ് ഇ പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 13-06-2022 | 31-03-2023 |
| ശ്രീ. മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീമതി. ഹണി ഗംഗാധരൻ | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. മുരളീധരൻ യു | ഹെഡ്മാസ്റ്റർ | 01-04-2022 | 07-04-2022 |
| ഡോ. അബ്ദുൾ ഗഫൂർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. പത്മിനി | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സോജൻ എം പി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശാന്തകുമാരി ഒ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 31-07-2022 |
| ശ്രീമതി. അമ്പിളി പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-08-2022 | 31-03-2023 |
| ഡോ. അനുപമ കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 03-07-2022 |
| ഡോ. നിമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 04-07-2022 | 31-03-2023 |
| ശ്രീമതി. ജെസി ചീരൻ.എ | ഹെഡ്മാസ്റ്റർ | 08-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് അഷ്റഫ് ടി പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസലിയേഷൻ നടത്തുന്നില്ല | 1-1-2 |
| 4 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് തുകകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-7 |
| 9 | മുൻവർഷ നീക്കിയിരിപ്പ്, മുന്നിരിപ്പായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 13 | ഗ്രാന്റിന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം അവലോകനം | 1-11 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം | 1-12 |
| 22 | മെഡിക്കൽ ഓഫീസർ (ആരോഗ്യം)-മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു | 1-13 |
| 23 | വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 24 | നികുതി നികുതിയേതര കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കിയില്ല. | 1-15 |
| 25 | വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹19,08,885/-തടസ്സം ചെയ്യുന്നു. | 1-16 |
| 26 | ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു. വൻ വരുമാന നഷ്ടം | 1-17 |
| 27 | സ്ട്രീറ്റ് ലൈൻ വലിക്കൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹30,24,989/- തടസ്സം ചെയ്യുന്നു. | 1-18 |
| 28 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ– അപാകതകൾ | 1-19 |
| 29 | എസ്.എസ്.കെ വിഹിതം അടവാക്കൽ– വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹5,00000/- തടസ്സം ചെയ്യുന്നു. | 1-20 |
| 30 | ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില-സർക്കാർ നിർദ്ദേശ പ്രകാരം അക്കൗണ്ട് തുടങ്ങിയിട്ടില്ല | 1-21 |
| 31 | കാളിയാല റോഡ് പുനരുദ്ധാരണം- ടെൻഡർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി- അധിക തുക 46532 രൂപ തിരിച്ചടവാക്കേണ്ടതാണ്. | 1-22 |
| 32 | നഗരസഭാ എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രൊജക്ടുകൾ പരിശോധനക്ക് ഹാജരാക്കിയില്ല- 687197/-രൂപയുടെ ചെലവു തുക തടസ്സം ചെയ്യുന്നു. | 1-23 |
| 33 | നിയമാനുസൃതം പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി -പിഴ 34181/- രൂപ ഈടാക്കേണ്ടതാണ്. | 1-24 |
| 34 | വളാഞ്ചേരി നഗരസഭ-മരാമത്ത് പ്രവൃത്തികളുടെ അവലോകനം | 1-25 |
| 35 | വയോമിത്രം- സംഭാവന അധികം നൽകി | 1-26 |
| 36 | 12 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം-അപാകത | 1-27 |
| 37 | സ്പോർട്സ് കിറ്റ് വിതരണം- അപാകത | 1-28 |
| 38 | ടെണ്ടർ നടപടി സ്വീകരിക്കാതെ ARTCOയിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങൽ– അപാകത | 1-29 |
| 39 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-30 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാളിയാല റോഡ് പുനരുദ്ധാരണം- ടെൻഡർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി- അധിക തുക 46532 രൂപ തിരിച്ചടവാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.07.2023 തീയതിയിലെ 5 നം. തീരുമാനം പ്രകാരം അംഗീകരിച്ച് **19-09-2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**സ്ഥലം : മലപ്പുറം**

**തിയ്യതി : 22/02/2024**

### 1-1-1 മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസലിയേഷൻ നടത്തുന്നില്ല

ബാങ്ക് റീകൺസലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. എല്ലാ മാസവും ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ തയ്യാറാക്കി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

### 1-1-3 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7-ഷെഡ്യൂളിലെ ബാധ്യതയായുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-5 ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ,

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, വാടക രജിസ്റ്റർ, എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് തുകകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള OB, ചെലവ് & Closing Balance വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | Opening Balance | വരവ് | ചെലവ് | Closing Balance |
|---|---|---|---|---|
| Cash Book | 904564 | 11027952 | 11025818 | 2134 |
| AFS | 908336 | 16688 (പലിശ) വരവ് വിവരം ലഭ്യമല്ല. | 11025747 | 5 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8/22.01.2024 ന് ചെലവിനത്തിലുള്ള 71 രൂപയുടെ വ്യത്യാസം പരിഹരിക്കുന്നതാണെന്നും, പലിശ ഒഴികെയുള്ള മറ്റു വരവുകൾ ജേണൽ എൻട്രി മുഖേനയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിനാലാണ് റസീപ്റ്റ് ആന്റ് പേയ്മെന്റിൽ പ്രതിഫലിക്കാത്തതെന്നും മറുപടി നൽകി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-7 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (96549668) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (3238993) തുല്യമല്ല.

### 1-1-8 മുൻവർഷ നീക്കിയിരിപ്പ്, മുന്നിരിപ്പായി പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ നീക്കിയിരിപ്പ് 111555231 രൂപയാണ്. എന്നാൽ തൻവർഷ മുന്നിരിപ്പായി 111555731 രൂപയാണ്. SBI Online അക്കൗണ്ടിലുള്ള വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ് .

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/25.03.2022 | 1/22.03.2023 |

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 111555731 |
| വരവ് | 183469393 |
| ആകെ | 295025124 |
| ചെലവ് | 198475456 |
| നീക്കിയിരിപ്പ് | 96549668 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 28880826 | 24123994 | 4756832 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 16973000 | 15698445 | 1274555 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11310000 | 10495262 | 814738 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6097000 | 5847844 | 249156 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 7928063 | 14324517 | (-)6396454 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 4535500 | 8347137 | (-)3811637 |

## 1-4-1 ഗ്രാന്റിന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ സി ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഇനം | എ സി ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 24123994 | 27185728 |
| വികസന ഫണ്ട് (എസ് സി പി) | 15698445 | 14652349 |
| MG (Non- Road) | 5847844 | 5234017 |
| CFC (Tied) | 14324517 | 13628119 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 302 | 165090686 | 236 | 97657953 | .. | 66 | 78% |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് (I-14 ഷെഡ്യൂൾ പ്രകാരം) | നീക്കിയിരിപ്പ് (ബാങ്ക് പാസ് ബുക്ക് പ്രകാരം) |
|---|---|---|---|---|
| AUEGS | 908336 | 16688 (പലിശ) വരവ് വിവരം ലഭ്യമല്ല | 11025747 | 5 |

കുറിപ്പ്: വാർഷിക കണക്ക് പ്രകാരമുള്ള മുന്നിരിപ്പ് , വരവ്, ചെലവ് എന്നിവ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| Opening Balance | 904564 |
| Allotment From Directorate | 5000000 |
| Allotment From Own Fund | 5106700 |
| Bank Interest Received | 16688 |
| **Total** | **11027952** |

| | |
|---|---|
| Administrative Expenses | 677696 |
| Amount Paid To Workers | 10348122 |
| Total | 11025818 |
| **Balance** | **2134** (Treasury -2129 + Bank -5) |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 988800 | 71 |
| വിധവാ പെൻഷൻ | 13662000 | 1220 |
| വാർദ്ധക്യകാല പെൻഷൻ | 28799800 | 2597 |
| വികലാംഗ പെൻഷൻ | 4530600 | 396 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 489000 | 46 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2024 ന് 12.35 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10894/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വിശദാംശങ്ങൾ 1-1-5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. മുഴുവൻ നികുതികളും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഖണ്ഡിക 1-15 കാണുക.

4. വാടക പിരിച്ചെടുക്കുന്നതിൽ നഗരസഭയുടെ പ്രവർത്തനം തൃപ്തികരമല്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-17 കാണുക.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നിലവിൽ ഇല്ല | | |
| എ ജി ഓഡിറ്റ് | 07.04.2021 | 2017-18 മുതൽ 2020-21 വരെ | 23.07.2021 |

## 1-11 തനത് വരുമാനം അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 23 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റ് സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒരെണ്ണമൊഴികെ മറ്റെല്ലാ യോഗങ്ങളിലും നികുതി പിരിവ്, ലൈസൻസ് എടുപ്പിക്കൽ എന്നിവ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ നികുതി-നികുതിയേതര വരുമാനങ്ങൾ ഉൾപ്പെടെ 12,080,468.00 രൂപ പിരിച്ചെടുക്കാനുണ്ട്.

കുടിശ്ശിക നികുതി പിരിച്ചെടുക്കാൻ കൂടുതൽ ശ്രദ്ധ പുലർത്തിക്കൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**വസ്തുനികുതി പരിഷ്കരണം**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വളാഞ്ചേരി നഗരസഭയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 16.05.2023ലെ മുനിസിപ്പൽ ഭരണ സമിതി യോഗത്തിലെ 2(1) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിച്ച് വിജ്ഞാപനമായി പുറപ്പെടുവിച്ച് ഒരു ദിനപത്രത്തിൽ ഉൾപ്പെടെ പരസ്യം ചെയ്തിരുന്നു. കരട് നിരക്കുകൾ പ്രസിദ്ധപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച് ഭേദഗതി വരുത്തിയ നിരക്ക് 13-10-2023 ലെ 5 നമ്പർ തീരുമാന പ്രകാരം കൗൺസിൽ അന്തിമമായി നിശ്ചയിച്ചു. സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി ആവശ്യത്തിലേക്കായി നഗരസഭാ പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തിരിച്ചത് 13-10-2023 ലെ നാലാം നമ്പർ നഗരസഭാ ഭരണ സമിതി യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി സെക്ഷൻ അറിയിച്ചിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം നഗരസഭയെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാനായി അപേക്ഷ ക്ഷണിച്ചതിൽ 2 പേർ മാത്രമാണ് താത്പര്യം അറിയിച്ചത് . ടിയാളുകൾ പ്രസ്തുത ജോലി ചെയ്തു വരുന്നുണ്ട്. നിലവിൽ സഞ്ചയയിൽ ഡാറ്റാ കളക്ഷൻ ഫോറം ലഭ്യമല്ലാത്തതിനാൽ എൻട്രി വരുത്താൻ സാധിച്ചിട്ടില്ലെന്ന് സെക്ഷൻ അറിയിച്ചിട്ടുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ വകുപ്പ് 235 പ്രകാരം സേവന

ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

വളാഞ്ചേരി നഗരസഭപരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.** 2005ലെ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 4(2) പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും നഗരസഭപരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2.** സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008/തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നില്ല.

**3.** 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ നഗരസഭ സ്വീകരിക്കുന്നില്ല.

**4.** ലൈസൻസ് എടുക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള എണ്ണം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

**മറ്റു നിരീക്ഷണങ്ങൾ**

**1.** ബസ്സ്റ്റാന്റിൽ നിന്നും കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുമുള്ള അവകാശം, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനുള്ള അവകാശം എന്നിവ ലേലം ചെയ്തുനൽകിയത് വഴി നഗരസഭക്ക് വരുമാനം ലഭിക്കുന്നുണ്ട്. നിലവിൽ ധാരാളം ലൈസൻസികൾ യഥാസമയം വാടക ഒടുക്കുന്നില്ല. കുടിശ്ശികക്കാരിൽ നിന്ന് ആയത് പലിശ സഹിതം വസൂലാക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ ലേലം ചെയ്തോ ചട്ടങ്ങൾ അനുവദിക്കുന്ന മറ്റു നടപടികൾ സ്വീകരിച്ചോ ലൈസൻസികൾക്ക് ഏൽപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ കൂടെ വാടകയ്ക്ക് നൽകാൻ കഴിഞ്ഞാൽ തനത് വരുമാനം മെച്ചപ്പെടുത്താൻ സഹായകമാകുന്നതാണ്.

**2.** 2011ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പുതുതായി ലൈസൻസ് എടുക്കുന്നതിനായി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതും, വിവിധ കാരണങ്ങളാൽ ലൈസൻസ് നൽകാത്തതുമായ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ഭൗതിക പരിശോധന നടത്തി ലൈസൻസ് എടുപ്പിച്ച് ഈയിനത്തിൽ വരുമാനം സ്വരൂപിക്കാൻ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ (മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം) ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|---|---|
| 1 | അംബേദ്കർ കോളനി റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2015-16 | KSEB, വളാഞ്ചേരി | 7045/-<br>91/13-01-16 | - | 7045/- | ലഭ്യമല്ല. |
| 2 | കരിങ്കല്ലത്താണി വടക്കുംമുറി ലിങ്ക് റോഡ് ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2015-16 | KSEB, വളാഞ്ചേരി | 5280/-<br>61/6-02-16 | - | 5280/- | ലഭ്യമല്ല. |
| 3 | KWA പൈപ്പ് ലൈൻ നീട്ടൽ S004/16 | 2015-16 | KWA യിൽ ഡെപ്പോസിറ്റ് | 20,00,000/-<br>269/31-03-16 | - | 20,00,000/- | ലഭ്യമല്ല. |
| 4 | കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരള വാട്ടർ അതോറിറ്റി | 638396/- | - | 638396/- | ലഭ്യമല്ല. |
| 5 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2017-18 | കെ.എസ്.ഇ.ബി. | 20,00000/-<br>UTR നം. U0000041621382 | - | 20,00000 | ലഭ്യമല്ല. |
| 6 | പ്രൊജക്റ്റ് നം. S0326/22 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2021-22 | കെ.എസ്.ഇ.ബി | 191341/-<br>22100976/13-01-2022-22,658/-<br>214/03.02.2022-124726/-<br>215/03.02.2022-17701/-<br>217/03.02.2022-20250/-<br>302/10.03.2022-6006/- | 168683 | 22,658 | 22,658 /- രൂപയുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല |
| 7 | പ്രൊജക്റ്റ് നം. S0325/22 – KWA പൈപ്പ് ലൈൻ നീട്ടൽ | 2021-22 | കേരള വാട്ടർ അതോറിറ്റി | 13,04,702/- | | 13,04,702/- | ലഭ്യമല്ല. |
| | **ആകെ** | | | | | **59,78,081/-** | |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകളിൻമേൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1/2022-23 തീയതി. 15.01.2024) മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് നഗരസഭയുടെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടുകൾ അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

**1-13 മെഡിക്കൽ ഓഫീസർ (ആരോഗ്യം)-മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു**

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികളിൽ പണം ഒടുക്കിയെങ്കിലും മരുന്നുകൾ നാളിത് വരെ ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | പ്രൊഫോർമ ഇൻവോയ്സ് നം. | റിമാർക്സ് |
|---|---|---|---|---|
| S0017/23<br>NCD രോഗികൾക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ-2 ലക്ഷം-MG NR)<br>ചെലവ്-2,00,000 | 22150847003200547251/17.9.22 | 2,50,000 (Plan (G)) | PRF 728/ 19.7.22 | KMSCL – 21732 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. |
| S0022/23<br>പെയിൻ&പാലിയേറ്റീവ് സൊസൈറ്റിക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ-2 ,50,000 വികസന ഫണ്ട് - ജനറൽ<br>ചെലവ്- 2 ,50,000 | 2215084700300688555/26.10.22 | 2,50,000 | PRF 995/11.8.22 | KMSCL<br>34124 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. |
| S0013/23<br>പരിരക്ഷ മരുന്ന് വാങ്ങൽ<br>അടങ്കൽ-7,50,000 വികസന ഫണ്ട് - ജനറൽ<br>ചെലവ്- 749710 | 22150847003200858623/3.12.22 | 3,00,000 | PRF2859/8.12.22 | KMSCL<br>43218 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. |

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 23/23.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, എസ്റ്റാബ്ലിഷ്മെന്റിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ വേതനത്തിനോ, നിയമിക്കപ്പെട്ടുകയോ അതിൽ തൊഴിൽ എട്ടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ, നിക്ഷേപങ്ങളിൽ നിന്ന് വരുമാനം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന അർദ്ധവാർഷിക വരുമാനം 12000 രൂപയിൽ കുറവല്ലാത്ത വ്യക്തികൾക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| **സ്ഥാപനം** | **ലൈസൻസി** | **അടവാക്കാത്ത അർദ്ധ വർഷം** |
|---|---|---|
| ഫൈസൽ ട്രെഡേഴ്സ് | മുഹമ്മദ് മുളക്കൽ | II |
| സുപ്രീം മെറ്റൽസ് | മുഹമ്മദ് റാഫി | I ,II |
| മാക്സ് ഫൂട്ട് വെയർ | ഉമ്മർ നസീഫ് , പാലക്കൽ | I ,II |
| റിവൈവ് ജെന്റ്സ് ബ്യൂട്ടിഹബ്ബ് | സുബൈർ പി വി , കുന്നത്ത് | I ,II |

| | | |
|---|---|---|
| ITSA Associate | മുഹമ്മദ് ഷാക്കിർ, മച്ചിഞ്ചേരി | I ,II |
| റൂബി മാക്സി ലാന്റ് | സംഗീത പി | I ,II |
| ഫാത്തിമ എന്റർപ്രൈസസ് | മൊയ്തീൻകുട്ടി | I ,II |
| പാലാറ സ്റ്റീൽ | മുഹമ്മദ് കുട്ടി | I ,II |
| Rainbow Paints | ജയേഷ് , പൈങ്ങര | I ,II |
| Best Used Cars | റാഫി | I ,Ii |

മേൽ ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-13/22.1.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 നികുതി നികുതിയേതര കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കിയില്ല.

നഗരസഭയുടെ 2022- 23 വർഷ വാർഷിക ധനകാര്യ പത്രിക (B 15 ) പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക, എന്നീ ഇനങ്ങളിലായി ₹ 12,080,468/- കുടിശ്ശിക ഉള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹19,08,885/-തടസ്സം ചെയ്യുന്നു.

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന ചെലവുകളുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ.നം. | ചെലവ് വിവരം | വൗച്ചർ നമ്പർ/ബിൽ നമ്പർ/ തീയതി | തുക (ഫണ്ട് ഇനം) | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | പ്രൊജക്ട് നം.319/23 - KWA പൈപ്പ് ലൈൻ സ്ഥാപിക്കൽ | 32395312724/31-03-2023 ₹18,30,185/- | 1830185/- (ധനകാര്യ കമ്മീഷൻ അവാർഡ്) | വിനിയോഗ വിവരം |
| 2 | പ്രൊജക്ട് നം.38/23 - ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 22200115/24-05-2022/₹28,325/- , 22200202/03-06-2022/₹32,610/- | 60,935/-( തനത് ഫണ്ട്) | വിനിയോഗ വിവരം |
| 3 | പ്രൊജക്ട് നം.318/23 – കുഴൽ കിണർ യീൽഡ് ടെസ്റ്റുകൾക്ക് തുക അടവാക്കൽ | 112253348595/02-12-2022 ₹ 2035/- <br> 22324153722/15-02-2023 ₹7865/- <br> 22324153908/01-02-2023 ₹7865/- | 17765/- (ധനകാര്യ കമ്മീഷൻ അവാർഡ്) | വിനിയോഗ വിവരം |
| | ആകെ | | 19,08,885/ - | |

മേൽ പദ്ധതികളുടെ വിനിയോഗ വിവരം പരിശോധനയക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 19/23 തീയതി. 23.01.2024) മറുപടി/രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 19,08,885/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു. വൻ വരുമാന നഷ്ടം

ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ ബിൽഡിംഗ്, കംഫർട്ട് സ്റ്റേഷൻ ബിൽഡിംഗ്, കാവുംപുറം ബസ് വെയിറ്റിംഗ് ഷെഡ്

എന്നിവയിലെ മുറികളുടെ വാടക സംബന്ധിച്ച് 2015ൽ നഗരസഭയായി മാറിയതിന് ശേഷം ബൈലോ തയ്യാറാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്തായിരുന്ന കാലത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക സംബന്ധിച്ച് 2004 ജൂൺ 26ന് അംഗീകാരം ലഭിച്ച ബൈലോയാണ് പരിശോധനയ്ക്ക് ലഭിച്ചത്. ബൈലോ പരിഷ്കരിച്ച് അംഗീകാരം നേടുന്നതിന് നിലവിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. മറ്റു കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് യാതൊരു ബൈലോയും തയ്യാറാക്കിയിട്ടില്ല. അതത് മാസത്തിലെ പത്താം തിയ്യതിക്കകം മുൻകൂറായി വാടക ഒടുക്കുന്ന രീതിയാണ് നിലവിൽ നഗരസഭ സ്വീകരിക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച 2004ലെ ബൈലോ ഖണ്ഡിക 13 പ്രകാരം അതത് മാസത്തെ അവസാന പ്രവൃത്തി ദിവസത്തിനകം ഒടുക്കിയാൽ മതി. ഷോപ്പിംഗ് കോംപ്ലക്സ് ഗുണഭോക്തൃ വിഹിതം (ഡെപ്പോസിറ്റ്) വാങ്ങി നിർമ്മിച്ചതും ആയത് പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നതുമാണ്. നിലവിൽ ധാരാളം ലൈസൻസികൾ യഥാസമയം വാടക ഒടുക്കുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളിൽ ഭാഗികമായും പൂർണ്ണമായും വാടക ഒടുക്കാതെയും ലൈസൻസികളുടെ പേര് വിവരം ചേർക്കാതെ ഒഴിഞ്ഞു കിടക്കുന്ന റൂമുകളും രജിസ്റ്റർ പ്രകാരമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | ലൈസൻസിയുടെ പേര് വിവരം | റൂം നമ്പർ | നിലവിലുണ്ടായിരുന്ന വാടക +GST | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ.ഇബ്രാഹിം അവറാൻക്കുന്നിൽ | G 17 | 13752+2478 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 2 | ശ്രീ.കെ പി മുഹമ്മദ് | G 18 | 13863+2496 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 3 | ശ്രീ.പാലാറ ഇബ്രാഹീം | G 34 | 8065+1452 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 4 | ശ്രീ.വി.പി.അയ്യപ്പൻ | G 35 | 4888+880 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 5 | ശ്രീ.ഷാഹുൽ ഹമീദ്, മണ്ണങ്ങര | F 01 | 7173+1292 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 6 | ശ്രീ. അബ്ദുൽ സലാം | F 06 | 3744+711 | 2022 ഏപ്രിൽ മുതൽ ഒടുക്കിയിട്ടില്ല |
| 7 | ശ്രീ. അബ്ദുൽ റഷീദ് | F 8 | Vaccant | Vaccant എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| 8 | Vaccant | F 12 | Vaccant | Vaccant |
| 9 | Vaccant | F 15 | Vaccant | Vaccant |
| 10 | Vacant | F 18 | Vaccant | Vaccant |
| 11 | Vaccant | F 20 | Vaccant | Vaccant |
| 12 | യോഗക്ഷേമം | F 22 | Vaccant | Vaccant |
| 13 | Vaccant | F 23 | Vaccant | Vaccant |
| 14 | Vaccant | F 24 | 1329+240 | Vaccant |
| 15 | ശ്രീ.V. അയൂബ് | F 27 | 1781+320 | 2022 ജൂലായ് മുതൽ ഒടുക്കിയിട്ടില്ല |
| 16 | Vaccant | F 28 | Vaccant | Vaccant |
| 17 | Vaccant | F 29 | Vaccant | Vaccant |
| 18 | Vaccant | F 30 | Vaccant | Vaccant |
| 19 | Vaccant | F 31 | Vaccant | Vaccant |
| 20 | Vaccant | F 32 | Vaccant | Vaccant |
| 21 | ശ്രീ.അമീർ ഫൈസൽ | F 33 | 1538+596 | 2022 ഒക്ടോബർ മുതൽ ഒടുക്കിയിട്ടില്ല |
| 22 | ചന്ദ്രൻ | F 35 | Vaccant | Vaccant |
| 23 | Vaccant | F 36 | Vaccant | Vaccant |
| 24 | ശ്രീ.അമീർ ഫൈസൽ | F 37 | 2994+538 | തുക അടവാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 25 | വളാഞ്ചേരി ട്രഷറി | S 1 | NIL | വാടക നിശ്ചയിച്ച് നൽകിട്ടില്ല. കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 26 | Vacant | S 2 | Vacant | Vacant |
| 27 | Vacant | S 7 | Vacant | Vacant |

| | | | | |
|---|---|---|---|---|
| 28 | Vacant | S 8 | 1109+ 200 | 2022 ഡിസംബർ മുതൽ ഒടുക്കിയിട്ടില്ല |
| 29 | Vaccant | S 9 | Vaccant | Vaccant |
| 30 | Vaccant | S 11 | Vaccant | Vaccant |
| 31 | ശ്രീ. കെ പി അബ്ദുൾ നാസർ | S 12 | 1148+206 | 2022 ഡിസംബർ മുതൽ ഒടുക്കിയിട്ടില്ല |
| 32 | ശ്രീ. സാബു | S 13 | 1451+262 | 2022 ഡിസംബർ മുതൽ ഒടുക്കിയിട്ടില്ല |
| 33 | ശ്രീ. സക്കീർ ഹുസൈൻ | S 16 | 5887+1060 | തുക അടവാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 34 | ശ്രീ. മുഹമ്മദ് റിയാസ് ടി | S 17 | 3773+680 | തുക അടവാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 35 | ശ്രീ. സന്ദീപ് | S 18 | 3134+564 | തുക അടവാക്കിയ വിവരം രേഖപ്പെടുത്തിയിട്ടില്ല |

2004ലെ ബൈലോ ഖണ്ഡിക 13 പ്രകാരം 3 മാസം കുടിശ്ശിക വരുത്തുന്നപക്ഷം വാടകക്കാരനെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികക്കാരിൽ നിന്ന് ആയത് പലിശ സഹിതം വസൂലാക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന റൂമുകൾ ലേലം ചെയ്തോ ചട്ടങ്ങൾ അനുവദിക്കുന്ന മറ്റു നടപടികൾ സ്വീകരിച്ചോ ലൈസൻസികൾക്ക് ഏൽപ്പിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 /22.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 സ്ട്രീറ്റ് ലൈൻ വലിക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക ₹30,24,989/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് : 155/2023 സ്ട്രീറ്റ് ലൈൻ വലിക്കൽ

അടങ്കൽ - 36,34,929/- (2634929-വികസന ഫണ്ട് , 10,00000- ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 3024989/-(20249989-വികസന ഫണ്ട്, 10,00000-ധനകാര്യ കമ്മീഷൻ അവാർഡ്)

BRN: 2215084700210021385/23-12-2022 : 20,00,000/-

BRN: 22150847002101198432/06-02-2023 : 24,989/-

PFMS 122239431144/23.12.2022 : 10,00000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 3024989/- രൂപ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ വളാഞ്ചേരിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 12.2.(5)(ഡി. ഡെപ്പോസിറ്റ് വർക്കുകൾ(i)പ്രകാരം തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെടണം. മേൽ പ്രവൃത്തിക്ക് നഗരസഭ കെ.എസ്.ഇ.ബി.യുമായി 21.12.2023 ൽ കരാറിലേർപ്പെട്ടു. കരാർ പ്രകാരം പ്രവൃത്തി 10.01.2023 ന് ആരംഭിച്ച് 11.04.2023 ന് പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 01.07.2023 ലെ PCI-9959/22 നമ്പർ കത്ത് പ്രകാരം പദ്ധതിയുടെ പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് 19.07.2023 ലെ DB/Municipality/2023-24/96 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി. പദ്ധതിയുടെ 60% മാത്രമേ പൂർത്തിയായിട്ടുള്ള എന്നും പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വിനിയോഗ വിവരം ലഭ്യമാക്കുമെന്നും അറിയിച്ചു. തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കാനും നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാതെ കരാർ ലംഘനം നടത്തിയതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 11/23 തീയതി 22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3024989/-രൂപ തടസ്സം ചെയ്യുന്നു.

## 1-19 മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് : 27/2023 മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ

അടങ്കൽ - 10,00000/- ( ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 8,51,810/-

PFMS 12344745272/20.01.2023 : 28,012/-

PFMS 32395320477/31.03.2023 : 8,23,798/-

ആകെ- 8,51,810/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 8,51,810/- രൂപ ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. 28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. നമ്പർ സബ്‌സിഡി മാർഗ്ഗ രേഖ -അനുബന്ധ വിഷയങ്ങൾ ഖണ്ഡിക 8.2(6) പ്രകാരം മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രത്യേകം രൂപ കല്പന ചെയ്ത വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ഖണ്ഡിക 8.2(7) പ്രകാരം പുതിയ വാഹനം വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

നഗരസഭ പ്രൊജക്ട് ഓഫീസറുടെ 24.08.2022 ലെ എച്ച്1-86 56/22 നമ്പർ കത്ത് പ്രകാരം മേൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും Ashok Layland Dost Goods വാഹനം വാങ്ങുന്നതിന് ആവശ്യമായ സാങ്കേതിക അനുമതി ലഭിക്കുന്നതിന് ജില്ലാ ശുചിത്വ മിഷൻ മലപ്പുറം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്ത് നൽകിയതായും കാണുന്നു. ആയതിന് ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ 03.09.2022 ലെ 1147/2022/DSM കത്തിൽ നിലവിൽ ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങുന്നതിന് ഇലക്ട്രിക് വെഹിക്കിളിന് പ്രാമുഖ്യം നൽകണമെന്നാണ് പുതിയ സബ്‌സിഡി മാർഗ്ഗരേഖ പ്രകാരം ഉള്ളതെന്നും, ജെം പോർട്ടൽ വഴി വാങ്ങുന്നതിന് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ആവശ്യമില്ലെന്നും ജെം പോർട്ടലിൽ ഉദ്ദേശിച്ച ഇലക്ട്രിക് വാഹനം ഇല്ലെങ്കിൽ സ്ക്രീൻ ഷോട്ട് സഹിതം വച്ച് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാവുന്നതാണ് എന്നറിയിച്ചു.

ഫയൽ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് TATA Motors ARCTIC-WHITE-TATAYODHA CREWCABIN 4X2 BSVI എന്ന ഡീസൽ എഞ്ചിൻ വാഹനം ഇൻവോയ്സ് നമ്പർ KA0100189188/29-12-2022-8,23,798 പ്രകാരം വാങ്ങിയത്. വാഹനം വാങ്ങിയത് ജെം പോർട്ടൽ മുഖേനെയാണന്നോ/ടെണ്ടർ നടപടിയിലൂടെയാണന്നോ വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

മാലിന്യം കൊണ്ടു പോകാൻ പ്രത്യേകം രൂപ കല്പന ചെയ്ത വാഹനമല്ലാത്തതിനാൽ ആരോഗ്യ സ്റ്റാന്റിംഗ കമ്മിറ്റിയുടെ 02.06.2023 ലെ 7ാം നമ്പർ തീരുമാന പ്രകാം ക്യാബിൻ ഗ്രില്ല് സ്ഥാപിക്കുന്നതിന് റോയൽ ഓട്ടോ ഗാരേജ് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ(27000/-) രൂപ അംഗീകരിക്കുകയും ചെക്ക് നമ്പർ 13234/05.07.2023 പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

6/12/2023 ലെ എച്ച്1-8656 കത്ത് പ്രകാരം SRTO തിരൂരിനും ,പോപ്പുലർ മെഗാ മോട്ടോഴ്സ് ഫറോക് എന്ന സ്ഥാപനത്തിനും വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 2-02-2023 ലെ KL55D23020000071 രസീതി പ്രകാരം വാഹനം രജിസ്റ്റർ ചെയ്തതിന്റെ (KL 55 D AG 4638)രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെയായിട്ടും നഗരസഭയ്ക്ക് ലഭിച്ചതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം /രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 19/23 തീയതി. 22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.എസ്.കെ വിഹിതം അടവാക്കൽ- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹5,00000/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് : S00151/2023 എസ്.എസ്.കെ വിഹിതം അടവാക്കൽ

അടങ്കൽ - 10,00,000 (500000-വികസന ഫണ്ട് , 500000- തനത് ഫണ്ട്)

ചെവവ് - 5,00000/-(വികസന ഫണ്ട്)

BRN: 2215084700210058075 8/27-09-2022 : 5,00,000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 5,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം നഗരസഭ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 29.08.2022 ലെ 1(4)ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 2022-23 വർഷത്തേക്കുള്ള സമഗ്ര വിദ്യാഭ്യാസ കർമ്മ പദ്ധതി രൂപീകരിക്കാൻ തീരുമാനിക്കുകയും 15.09.2022 ലെ PCI-9395/22 നമ്പർ കത്ത് പ്രകാരം 300000/- രൂപ അടങ്കൽ തുകയ്ക്കുള്ള കർമ്മ പദ്ധതി തയ്യാറാക്കി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് (എസ്.സ്.കെ.) അയച്ച കൊടുത്തതായി കാണുന്നു. എന്നാൽ ആയതിന്റെ തുടർ നടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

5,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭ പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (20.06.2023 ലെ എ-1646/23/എസ്.എസ്.കെ. പ്രകാരം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

അപാകതയ്ക്ക് വിശദീകരണം /രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 10/23 തീയതി 22.01.2024) മറുപടി/രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 5,00000/- രൂപ തടസ്സം ചെയ്യുന്നു.

## 1-21 ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില-സർക്കാർ നിർദ്ദേശ പ്രകാരം അക്കൗണ്ട് തുടങ്ങിയിട്ടില്ല

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നഗരസഭയിൽ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ക്രഡിറ്റ് ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | 80/23- കാട്ടിപ്പരുത്തി -കാറ്റട്ടിക്കുളം നവീകരണം , പൂർത്തീകരണം | 993520 |
| 2 | 118/23- നഗരസഭ ഷോപ്പിംഗ് കോംപ്ലക്സ് -പൊതു ടോയ് ലറ്റ് നവീകരണം | 1069382 |
| 3 | 144/23 MCF സ്ഥാപിക്കൽ | 1651775 |
| 4 | 136/23- പറളിപ്പാടം- നരിപ്പറ്റ റോഡ് സൈഡ് കെട്ടി നവീകരിക്കലും നടപ്പാത നിർമാണവും | 3143825/- |
| 5 | 102/23- നഗരസഭയിലെ തകർന്ന VCB കളുടെ പുനരുദ്ധാരണം | 710000/- |
| 6 | 278/23- മുക്കിലപ്പീടിക സ്മാർട് അങ്കണവാടി നിർമാണം | 2755453 |
| 7 | 135/23-കരിങ്കല്ലത്താണി - മൂച്ചിക്കൽ റോഡ് ബൈപ്പാസ് നവീകരണം | 1819837/- |
| 8 | 122/23 മൃഗാശുപത്രി പുനരുദ്ധാരണവും ചുറ്റുമതിൽ നവീകരണവും | 695255/- |
| 9 | 137/23- പോപ്പുലർ തിയേറ്റർ PHC റോഡ് റീ-ടാറിംഗ് | 639000/- |
| 10 | 215/23 മൂച്ചിക്കൽ ദ്വീപ് റോഡ് പുനരുദ്ധാരണം | 678000/- |
| 11 | 191/23 – കശംകുന്ന് - കെ.എം.യു.പി. സ്കൂൾ കാർത്തല റോഡ് പുനരുദ്ധാരണം | 800000/- |
| 12 | 206/23 -കെ.ആർ പടി- കാരാട് മൊട്ടപ്പറം ചാത്തൻകുന്ന് ജംഗ്ഷൻ റോഡ് പുനരുദ്ധാരണം | 905000/- |
| 13 | 186/23 കഞ്ഞിപ്പുര- വിശ്വകീർത്തി റോഡ് പുനരുദ്ധാരണം | 1100000/- |

ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് നാളിതുവരെയുള്ള ഇ ടെണ്ടർ ഫീ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ 16.01.2024 ലെ 2-ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചില്ല. ടെണ്ടർ ഫോം വിലയിനത്തിൽ നഗരസഭാ അക്കൗണ്ടിൽ വന്ന ഏതാനും തുകകളുടെ Ledger Bookന്റെ പകർപ്പ് ഹാജരാക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. മേൽ പറഞ്ഞ സർക്കാർ നിർദേശപ്രകാരം അക്കൗണ്ട് ആരംഭിക്കുകയോ ഈയിനത്തിൽ വരേണ്ട വരവ് തുകകൾ മുഴുവൻ പ്രസ്തുത അക്കൗണ്ടിൽ വരവ് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല , പരിശോധനക്ക് ലഭ്യമാക്കിയ Ledger Book പകർപ്പിൽ 2022-23 വർഷത്തിൽ നിർവഹിക്കപ്പെട്ട മേൽ പരാമർശിച്ച പ്രൊജക്റ്റുകളുടെ ഫോം വില വരവ് വന്നിട്ടുമില്ല. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം SBI യിൽ അക്കൗണ്ട് തുറന്ന് ടെൻഡർ ഫോം വില അക്കൗണ്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഈയിനത്തിൽ നാളിതുവരെ നഗരസഭക്ക് കിട്ടേണ്ട മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്നുറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു. കൂടാതെ നഗരസഭാ

എഞ്ചിനീയർ പരിപാലിച്ചു വരുന്ന മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടേയും പാസ്സ് ബുക്ക്/ സ്റ്റേറ്റ് മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-22 കാളിയാല റോഡ് പുനരുദ്ധാരണം- ടെൻഡർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി- അധിക തുക 46532 രൂപ തിരിച്ചടവാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭാ എഞ്ചിനീയർ നിർവഹിച്ച കാളിയാല റോഡ് പുനരുദ്ധാരണം- രണ്ടാംഘട്ടം- എന്ന പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത ടെൻഡർ കുറവ് തുക ബില്ലിൽ നിന്നും കുറക്കാതെ കരാറുകാരന് അവസാന ബിൽ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് വിശദാംശങ്ങൾ | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|
| പ്രൊജക്ട് നമ്പർ : 139/2023<br>അടങ്കൽ തുക, ഫണ്ടിനം: 288000/- (റോഡ് സംരക്ഷണ ഗ്രാന്റ്)<br>ചെലവ് തുക, ബിൽ നമ്പർ തീയ്യതി :<br>287233 (നികുതികൾ ഉൾപ്പെടെ)<br>(BRN- 22150847003100455727/ 25.08.2022)<br>കരാറുകാരൻ: ശ്രീ മഷൂദ് . കെ. കല്ലുംപുറത്ത് വീട്, വളാഞ്ചേരി<br>എഗ്രിമെന്റ് നമ്പർ, തീയ്യതി: AE/LID&EW/VLY/ 126/2021-2022 Dtd. 10.03.2022<br>സാങ്കേതികാനുമതി നമ്പർ, തീയ്യതി, തുക: 86567/2021-2022 Dtd. 21.02.2022- തുക- 288000<br>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്: 16.2% Below<br>പ്രവൃത്തി മൂല്യം: 256458/-<br>GST @12%: 30775/-<br>ടെണ്ടർ കുറവ്: (16.2%) തുക- 41546/- | പ്രവൃത്തി മൂല്യം=256458<br>(-) Tender Below 16.2%= 41546<br>=214912<br>(+) GST 12%= 25789<br>ആകെ= 240701 | 287233 | 46532 രൂപ (GST ഉൾപ്പെടെ) |

മേൽ പരാമർശിച്ച ടെൻഡർ ബിലോ ബില്ലിൽ കുറവ് വരുത്താത്തതിനാൽ 46532 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 17/23.01.2024) മറുപടി നൽകുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികം നൽകിയ തുക നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കി പൊതു ഫണ്ടിലൊടുക്കി തെളിവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 നഗരസഭാ എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രൊജക്ടുകൾ പരിശോധനക്ക് ഹാജരാക്കിയില്ല- 687197/-രൂപയുടെ ചെലവു തുക തടസ്സം ചെയ്യുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ വളാഞ്ചേരി നഗരസഭാ എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ട് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക, ഫണ്ടിനം | ചെലവു തുക , ബിൽ നം, തീയ്യതി |
|---|---|---|---|---|
| 1 | 113/23 | കൊട്ടാരം കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ നീട്ടൽ | 45000/- (CFC) | 37197/- (302/01.02.23) |
| 2 | 197/23 | കുട്ടാർമട-കഴിക്കാട് റോഡ് | 300000 MG(R) | 300000/- (493/28.03.23) |

| | | | | |
|---|---|---|---|---|
| | | പുനരുദ്ധാരണം | | |
| 3 | 211/23 | കോഴിക്കോട്ടു പടി- ഒ.പി. ജംഗ്ഷൻ - കുഞ്ഞുഹാജിപ്പടി പുനരുദ്ധാരണം | 350000/- MG(R) | 350000/- ( 430/20.03.23) |
| ആകെ | | | | 687197/- |

മേൽ പട്ടികയിലെ പ്രൊജക്റ്റ് ഫയലുകൾ, ചെലവ് അനുബന്ധ രേഖകൾ, ടെണ്ടർ ഫീ- വരവ് ഉൾപ്പെടെയുള്ള AEയുടെ ബാങ്ക് പാസ്സ് ബുക്കുകൾ, എന്നിവ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 04/17.01.2024, 16/23.01.2024 എന്നീ രണ്ട് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി സമർപ്പിക്കുകയോ ഫയലുകളും ബാങ്ക് പാസ്സ് ബുക്കുകളും പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുകയായ **687197/-രൂപ** തടസ്സം ചെയ്യുന്നു.

## 1-24 നിയമാനുസൃതം പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി -പിഴ 34181/- രൂപ ഈടാക്കേണ്ടതാണ്.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 ) കൂടാതെ തസ്വഭവ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ AC2/223/15/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യ 3 മാസ കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
PWD Manual 2112.1 മേൽ സർക്കുലർ എന്നിവ പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന (Beyond First Extension) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2022-23 വർഷത്തിൽ നഗരസഭാ എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

**1. SO79/12- വേളികളും നവീകരണം (സ്പിൽ ഓവർ)**

| | |
|---|---|
| **പ്രൊജക്റ്റ് നമ്പരും പേരും:** | SO79/12- വേളികളും നവീകരണം (സ്പിൽ ഓവർ) |
| അടങ്കൽ:<br>ഫണ്ടിനം : | 192624<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 192624/-<br>193/15.11.23 |
| കരാർ നം. തീയ്യതി | AE/LID &EW/VLY/98/22 Dtd. 19.01.2022 |
| (PAC): | 1089409.32 |
| സാങ്കേതികാനുമതി നമ്പർ , തീയ്യതി<br>പ്രവൃത്തി പൂർത്തീകരണ കാലാവധി | 67250/2021-22 Dtd.24.12.21<br>3മാസം |
| കരാറുകാരൻ | ശ്രീ മഷൂദ്. കെ |
| സൈറ്റ് കൈമാറിയ തീയ്യതി | ലഭ്യമല്ല |
| പൂർത്തീകരിക്കേണ്ട തീയതി: | 18.04.2022 |
| പൂർത്തീകരിച്ച തീയ്യതി: | 14.07.2022 |

| | |
|---|---|
| അളവു പുസ്തകം: | 74/2021-2022 |
| ഈടാക്കേണ്ട പിഴ:<br>ആകെ അധിക കാലാവധി 87 ദിവസത്തിന് :<br>(PACയുടെ 1%) | 10531/- രൂപ |
| ആകെ ഈടാക്കേണ്ടത്: രൂ. | 10531/- രൂപ |

**2. 128/23- താഴെയങ്ങാടി- കണ്ടംപള്ളിയാലിൽ റോഡ് പുനരുദ്ധാരണം**

| | |
|---|---|
| **പ്രൊജക്ട് നമ്പരും പേരും:** | 128/23- താഴെയങ്ങാടി- കണ്ടംപള്ളിയാലിൽ റോഡ് പുനരുദ്ധാരണം |
| അടങ്കൽ:<br>ഫണ്ടിനം : | 287000/-<br>(വികസന ഫണ്ട് - ജനറൽ) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 135400/-<br>471/26.03.2023 |
| കരാർ നം. തീയ്യതി | AE/LID7EW/VLY/6/2022-23 Dtd.22.04.2022 |
| (PAC): | 286048/- |
| സാങ്കേതികാനുമതി നമ്പർ , തീയ്യതി<br>പ്രവൃത്തി പൂർത്തീകരണ കാലാവധി | 95751/2021-22 Dtd23.03.2022<br>6മാസം |
| കരാറുകാരൻ | ശ്രീ അഷറഫ്. കെ.പി |
| സൈറ്റ് കൈമാറിയ തീയ്യതി | 22.04.2022 |
| പൂർത്തീകരിക്കേണ്ട തീയതി: | 21.10.2022 |
| പൂർത്തീകരിച്ച തീയ്യതി: | 05.12.2022<br>(അളവു പുസ്തകം. നം.148/2021-22 പേജ് നം 11) |
| അളവു പുസ്തകം: | അളവു പുസ്തകം. നം.148/2021-22 |
| ഈടാക്കേണ്ട പിഴ:<br>ആകെ അധിക കാലാവധി 45 ദിവസത്തിന് :<br>(PACയുടെ (ഒരു ശതമാനം )1%) | 1430/- |

**3. കക്കാട്ടു പാറ- കാളിയാല റോഡ് പുനരുദ്ധാരണം**

| | |
|---|---|
| **പ്രൊജക്ട് നമ്പരും പേരും:** | **73/23കക്കാട്ടു പാറ- കാളിയാല റോഡ് പുനരുദ്ധാരണം ( സ്പിൽ ഓവർ)** |
| അടങ്കൽ:<br>ഫണ്ടിനം : | 150000/-<br>(റോഡ് സംരക്ഷണ ഗ്രാന്റ്) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 149938/-<br>(BRN 22150847003100332066/19.07.20220) |
| കരാർ നം. തീയ്യതി | LSGD/AE/LID&EW/VLY/89/2020-21<br>Dtd.12.02.2021 |
| (PAC): | 133872.77 |
| സാങ്കേതികാനുമതി നമ്പർ , തീയ്യതി<br>പ്രവൃത്തി പൂർത്തീകരണ കാലാവധി | 84574/03.11.2020<br>6മാസം |
| കരാറുകാരൻ | ശ്രീ ഷംസുദ്ദീൻ, സെക്രട്ടറി, മലപ്പുറം ജില്ലാ പ്രവാസി ലേബർ കോൺട്രാക്ട് & വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| സൈറ്റ് കൈമാറിയ തീയ്യതി | 12.02.2021 |
| പൂർത്തീകരിക്കേണ്ട തീയതി: | **11.08.2021**<br>(പ്രവൃത്തി പൂർത്തീകരണ കാലാവധി 12.08.2021 മുതൽ ദീർഘിപ്പിക്കുന്നതിനു വേണ്ടി 11.08.2021തീയ്യതിയിൽ ചമച്ച LSGD/AE/LID&EW/VLY/89(1)/2020-21 /Supplimentary നമ്പർ സപ്ലിമെന്ററി കരാർ പത്രത്തിൽ, ദീർഘിപ്പിക്കപ്പെട്ട കാലാവധി സംബന്ധിച്ച |

| | |
|---|---|
| | വിവരങ്ങളിൽ തിരുത്തൽ വരുത്തുകയും പരസ്പര വിരുദ്ധമായ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>( തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 31/07/2021-ലെ സ.ഉ.(സാധാ) നം 1444/2021 / ത.സ്വ.ഭ.വ പ്രകാരം സംസ്ഥാനത്ത് നിലനിന്ന ലോക്ഡൗൺ സാഹചര്യം കണക്കിലെടുത്തും കരാറുകാരന്റെ അപേക്ഷ പരിഗണിച്ചും പൂർത്തീകരണ കാലാവധി പിഴ കൂടാതെ **3 മാസം** നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ **10.01.22022** വരെ ദീർഘിപ്പിച്ചിരിക്കുന്നു എന്നാണ് തിരുത്തൽ വരുത്തി രേഖപ്പെടുത്തിയിരിക്കുന്നത്)<br>ഈ തിരുത്തൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>കരാറുകാരന്റെ അപേക്ഷ, അത് നഗരസഭാ ഭരണ സമിതി പരിഗണിച്ച രേഖകൾ എന്നിവ ഫയലിൽ ഇല്ല,<br>സപ്ലിമെന്ററി കരാർ പത്രത്തിൽ കരാറുകാരൻ ഒപ്പ് വെച്ചിട്ടുമില്ല.)<br>ആധികാരികമല്ലാത്തതിനാലും, രേഖപ്പെടുത്തിയ കാലാവധി അവ്യക്തമായതിനാലും പ്രസ്തുത ഉപകരാർ പരിഗണിക്കാൻ നിർവാഹമില്ല |
| പൂർത്തീകരിച്ച തീയ്യതി: | 05.05.2022 |
| അളവു പുസ്തകം: | 122/2021-22 |
| ഈടാക്കേണ്ട പിഴ:<br>12.08.2021 മുതൽ 11.11.2021 വരെ ആദ്യത്തെ 3 മാസത്തിന് : (PACയുടെ 1%) | 1338 രൂപ |
| 12.11.2021 മുതൽ 11.02.2022 വരെ - അടുത്ത 3 മാസത്തിന് (PACയുടെ 2%) | 2676/- രൂപ |
| 12.02.2022 മുതൽ 05.05.2022 വരെ 83 ദിവസം @ 2% Of PAC | 2676x83/91 = 2441/- രൂപ |
| ആകെ ഈടാക്കേണ്ടത്: രൂ. | 6455/- രൂപ |

**4. 68/23- പോലീസ് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം**

| **പ്രൊജക്ട് നമ്പരും പേരും:** | **68/23- പോലീസ് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം** |
|---|---|
| അടങ്കൽ:<br>ഫണ്ടിനം : | 27083- തനത് ഫണ്ട്<br>222917/- (റോഡ് സംരക്ഷണ ഗ്രാന്റ്) |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 170425/-<br>(BRN-22150847003101553875/<br>29.03.2023 |
| കരാർ നം. തീയ്യതി | 35/2020-21 Dtd.21.10.2020 |
| (PAC): | 223095.45 |
| സാങ്കേതികാനുമതി നമ്പർ , തീയ്യതി<br>പ്രവൃത്തി പൂർത്തീകരണ കാലാവധി | 67188/2020-21 Dtd.13.09.2020<br>3 Months |
| കരാറുകാരൻ | ശ്രീ .യു.വി. സിദ്ദീഖ് |
| സൈറ്റ് കൈമാറിയ തീയ്യതി | 21.10.2020 |
| പൂർത്തീകരിക്കേണ്ട തീയതി:<br>കോവിഡ്കാല ഇളവ് കൂടി പരിഗണിക്കുമ്പോൾ പൂർത്തീകരിക്കേണ്ട കാലാവധി (3+6 Months) | 20.01.2021 ( 3 Months)<br>20. 07.2021 |
| പൂർത്തീകരിച്ച തീയ്യതി: | 30.03.2022 |

| | |
|---|---|
| അളവ് പുസ്തകം: | 115/2021 |
| ഈടാക്കേണ്ട പിഴ:<br>21.07.2021 മുതൽ 20. 10.2021 വരെ<br>(ആദ്യത്തെ 3 മാസത്തിന് PAC യുടെ 1%)<br>21.10.2021 മുതൽ 20.01.2022 വരെ<br>( PAC യുടെ 2%)<br>21.01.2022 മുതൽ 30.03.2022 വരെ 69 ദിവസം<br>( PAC യുടെ 2% | 2230/-<br>4460/-<br><br>3419/- |
| ആകെ ഈടാക്കേണ്ടത്: രൂ. | 10109/- |

**5. 72/23 കാളിയാല റോഡ് പുനരുദ്ധാരണം**

| | |
|---|---|
| **പ്രൊജക്ട് നമ്പരും പേരും:** | **72/23 കാളിയാല റോഡ് പുനരുദ്ധാരണം** |
| അടങ്കൽ: ഫണ്ടിനം : | 200000/- MGR |
| ചെലവ്:<br>ബിൽ നം.തീയ്യതി. | 199377/-<br>BRN- 22150847003100332062 |
| കരാർ നം. തീയ്യതി | AE/LID&EW/VLY/57/2020-21 Dtd. 29.10.2020 |
| (PAC): | 178015.26 |
| സാങ്കേതികാനുമതി നമ്പർ , തീയ്യതി<br>പ്രവൃത്തി പൂർത്തീകരണ കാലാവധി | 67931/2020-2021 Dtd. 14.09.2020<br>6 Months |
| കരാറുകാരൻ | ശ്രീ ഷംസുദ്ധീൻ,<br>മലപ്പുറം ജില്ലാ പ്രവാസി ലേബർ കോൺട്രാക്ട് & വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കോട്ടക്കൽ, എടരിക്കോട് |
| സൈറ്റ് കൈമാറിയ തീയ്യതി | 29.10.2020 |
| പൂർത്തീകരിക്കേണ്ട തീയതി: | 28. 04.2021<br>( 28.04.2021 ലെ AE/LID&EW/VLY/57(1) /2020-21 സപ്ലിമെന്ററി കരാർ പ്രകാരം , കോവിഡ് ലോക്ക്ഡൗൺ പ്രമാണിച്ച് നല്കിയ ഇളവ് കൂടി പരിഗണിക്കുമ്പോൾ പൂർത്തീകരിക്കേണ്ട കാലാവധി- 28.10.2021 |
| പൂർത്തീകരിച്ച തീയ്യതി: | 05.05.2022 |
| അളവ് പുസ്തകം: | 123/2021-2022 |
| ഈടാക്കേണ്ട പിഴ:<br>29.10.2021 മുതൽ 27.01.2022 വരെ ( PAC യുടെ 1%<br>28.01.2022 മുതൽ 27.04.2022 വരെ ( PAC യുടെ 2%<br>28.04.2022 മുതൽ 05.05.2022 വരെ 8 ദിവസം<br>(PAC യുടെ 2% | 1780/-<br><br>3560/-<br>(3560/90) X 8<br>=316<br><br>(3560x8/90=316 |
| ആകെ ഈടാക്കേണ്ടത്: രൂ. | 5656/- |
| ആകെ | 34181/- |

മേൽ പ്രവൃത്തികൾ അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാത്തതിനാലും നിയമാനുസൃതമല്ലാത്ത രീതിയിൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കിയതിനാലും, പിഴയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട പിഴ ഉത്തരവാദികളായ വ്യക്തികളിൽ നിന്ന് ഈടാക്കി തനത് ഫണ്ടിലൊടുക്കി വിവരം തെളിവ് സഹിതം പരിശോധനക്ക് ലഭ്യമാക്കുകയോ, തുക ഈടാക്കാത്ത നടപടി സംബന്ധിച്ച് മതിയായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 14/22.01.2024,26/24.01.204 എന്നീ രണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ല.

പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 34181/- രൂപ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 വളാഞ്ചേരി നഗരസഭ-മരാമത്ത് പ്രവൃത്തികളുടെ അവലോകനം

(1) വളാഞ്ചേരി നഗരസഭക്ക് 2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ഉൾപ്പെടെ 151 പ്രൊജക്ടുകൾക്കാണ് നിർവ്വഹണാംഗീകാരം ലഭിച്ചിട്ടുള്ളത്. ആകെ അടങ്കൽ 52833945 രൂപ അടങ്കൽ വെച്ചതിൽ 30563223 രൂപ മാത്രമാണ് ചെലവഴിക്കാനായത്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(2) ആകെ അനുമതി ലഭിച്ച 151 പ്രൊജക്ടുകളിൽ 57 പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. അതിൽ ആകെയുള്ള 45 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 12 എണ്ണം തൻ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സർക്കാർ നിർദേശപ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ ഈ പ്രൊജക്ടുകൾ നടപ്പാക്കുന്നതിലെ പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൽ ഊർജിതമാക്കുകയും ആയവ സമയബന്ധിതമായി നടപ്പിലാക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

(3) മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നതിൽ അവ്യക്തതയും അപാകതയും കാണപ്പെടുന്നു ഉദാഹരണത്തിന് പ്രൊജക്ട് നമ്പർ SO 144/23- MCF നിർമാണം എന്ന പ്രൊജക്ടിന്റെ പൂർത്തീകരണ കാലാവധി, സാങ്കേതികാനുമതി പത്രത്തിലെ രേഖപ്പെടുത്തൽ പ്രകാരം 12 ദിവസമാണ്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചമച്ച കരാർ പ്രകാരം കാലാവധി 6 മാസമാണ്. പ്രവൃത്തി പൂർത്തീകരണ കാലാവധി, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്ന കാര്യത്തിൽ നിർണായകമാണെന്നിരിക്കെ ഇത്തരം അശ്രദ്ധമായ രേഖപ്പെടുത്തൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(4) പല പ്രവൃത്തികളുടെയും പ്രവൃത്തി പ്രദേശത്തിന്റെ കൈമാറ്റ രേഖയിൽ കൈമാറ്റ തീയ്യതി രേഖപ്പെടുത്തുകയോ കരാറുകാരൻ ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല.

(5) ഭൂരിഭാഗം കരാറുകളിലും പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

(6) ചില പ്രവൃത്തികളിൽ കരാറുകാരന്റെ അപേക്ഷയില്ലാതെയും , യുക്തിസഹവും നിയമാനുസൃതവുമായ കാരണങ്ങൾ ഇല്ലാതെയും സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.ഇത്തരം കരാറുകളിൽ പൂർത്തീകരണ കാലയളവ് പരസ്പര വിരുദ്ധമായി രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.ഭേദഗതി വരുത്തുന്നത് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുമില്ല. ഉദാഹരണം- 73/23കക്കാട്ടു പാറ- കാളിയാല റോഡ് പുനരുദ്ധാരണം ( സ്പിൽ ഓവർ)

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിപാലിക്കുന്നതിൽ മേൽ പ്രകാരം ചൂണ്ടിക്കാണിച്ചവയുൾപ്പെടെയുള്ള അപാകതകൾ പരിഹരിക്കുകയും പ്രവൃത്തികൾ സമയബന്ധിതമായി നിർവഹിക്കുന്നതിനൊപ്പം ബന്ധപ്പെട്ട രേഖകളും കൃത്യമായും സമയബന്ധിതമായും കാലികമായും കാര്യക്ഷമമായും പരിപാലിക്കുന്നതിനു കൂടി ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വയോമിത്രം- സംഭാവന അധികം നൽകി

പ്രൊജക്ട് : 024/23, വയോമിത്രം ജനറൽ & 313/23, വയോമിത്രം -എസ്.സി.പി

ബിൽ നം : 22150847002900718029/31.10.2022 : 8,00,000/- (വികസന ഫണ്ട് ജനറൽ)

: 22150847002900876969/07.12.2022 :2,00,000/- (വികസന ഫണ്ട് ജനറൽ)

: 22150847002901158021/08.02.2023 : 1,92,721/- (വികസന ഫണ്ട് -SCP)

നിർവ്വഹണം: ICDS സൂപ്പർവൈസർ

കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അവയുടെ തനത്/വികസന ഫണ്ടിൽ നിന്നും എല്ലാ വർഷവും സംഭാവന നൽകുന്നതിന് 06.05.2013 ലെ സ.ഉ.(സാധാ) 1209/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നഗരസഭകൾക്ക് നൽകാവുന്ന സംഭാവനാ പരിധി 10 ലക്ഷം രൂപയാണ്. എന്നാൽ മേൽ പ്രൊജക്ടുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം നഗരസഭ 11,92,721 രൂപ സംഭാവന നൽകിയിരിക്കുന്നു.

നഗരസഭയുടെ നിയന്ത്രണമില്ലാത്ത മറ്റൊരു ഏജൻസിക്ക് SCP ഫണ്ടിൽ നിന്ന് സംഭാവന നൽകിക്കൊണ്ട് നഗരസഭയിലെ പട്ടിക ജാതി വിഭാഗത്തിന് പ്രസ്തുത തുകയുടെ പ്രയോജനം എപ്രകാരം ലഭ്യമാകുന്നുവെന്ന് വ്യക്തമല്ല.

സർക്കാർ നിശ്ചയിച്ച പരിധിയിലധികം (അധികം 1,92,721/-) സംഭാവന നൽകിയതിനും SCP ഫണ്ടിൽ നിന്നും സംഭാവന നൽകിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/ 23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

പരിഹാര നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതു വരെ 1,92,721 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-27 12 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം-അപാകത

പ്രൊജക്ട് : 276/23, കുട്ടികൾക്ക് കായിക പരിശീലനം

ബിൽ നം : 22150847002801541568/28.02.2023 : 30,000/- (വികസന ഫണ്ട് ജനറൽ)

നിർവ്വഹണം: ഹെഡ് മാസ്റ്റർ/മിസ്ട്രസ്സ്

പ്രൊജക്ട് പ്രകാരം 12 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് 15 ദിവസം ഫുട്ബോൾ പരിശീലനം നൽകിയതിന് 22,500 രൂപ ശ്രീ.എം.സുബ്രഹ്മണ്യന് വേതനം നൽകുകയും 7500 രൂപ ഫുട്ബോൾ വാങ്ങിയതിന് ശ്രീ.അഷ്റഫലിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 12വയസ്സിനു താഴെയുള്ള കുട്ടികൾ LP,UP ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്.

28.5.2022ലെ GO(Ms)115/22/LSGD നമ്പർ സബ്സിഡി മാർഗ്ഗരേഖാ ഉത്തരവിലെ ഖണ്ഡിക7-4 വിദ്യാഭ്യാസം സംബന്ധിച്ച ഭാഗത്തോ 7-7 കലാ സാംസ്കാരിക കായികം സംബന്ധിച്ച ഭാഗത്തോ LP,UPവിദ്യാർത്ഥികൾക്ക് പദ്ധതി പ്രകാരം ഫുട്ബോൾ പരിശീലനത്തിന്റെ ഭാഗമായി ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ടീം രൂപീകരിച്ച് 18 വയസ്സിന് മുകളിലുള്ള യുവതീ യുവാക്കൾക്ക് പരിശീലനമാകാം). 7.7.3 ഖണ്ഡിക പ്രകാരം വിദ്യാർത്ഥികൾക്ക് അത്‌ലറ്റിക്സ് പരിശീലനം നൽകുന്നതിന് അനുമതിയുണ്ട്. ഉത്തരവിലെ 5(2) ഖണ്ഡിക പ്രകാരം പ്രസ്തുത ഉത്തരവിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്തവ നടപ്പാക്കാൻ സാധിക്കുന്നത് സർക്കാരിന്റെ അനുമതിയോടെ മാത്രമാണ്. ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുമെന്നും സർക്കാർ വ്യക്തമാക്കിയിരിക്കുന്നു.

സബ്സിഡി മാർഗ്ഗരേഖയിൽ അനുമതിയില്ലാത്ത LP,UP ക്ലാസുകളിൽ പഠിക്കുന്ന പ്രായ പരിധിയിലുള്ള വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം നടത്തിയതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പോ അനുമതിയില്ലെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരണമോ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.5/17.01.24) നൽകി. പ്രദേശത്ത് നിലനിൽക്കുന്ന ജനങ്ങളുടെ ഫുട്ബോൾ താത്പര്യം കാരണം ജനപ്രതിനിധികൾ അടക്കമുള്ളവരുടെ അഭിപ്രായം മാനിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നും തുടർന്നുള്ള വർഷങ്ങളിൽ മാർഗ്ഗരേഖകൾ കൃത്യമായി പാലിച്ച് പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും പരാമർശം ഒഴിവാക്കണമെന്നും മറുപടി ലഭ്യമാക്കി.

മാർഗ്ഗരേഖകൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കി പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സ്പോർട്സ് കിറ്റ് വിതരണം- അപാകത

പ്രൊജക്റ്റ് : 254/23 ,സ്പോർട്സ് കിറ്റ് വിതരണം

ബിൽ നം :22150847002801538714/28.02.2023 : 1,50,000/- (വികസന ഫണ്ട് ജനറൽ)

നിർവ്വഹണം: ഹെഡ് മാസ്റ്റർ/മിസ്ട്രസ്സ്

പ്രസ്തുത പ്രൊജക്റ്റ് പ്രകാരമുള്ള ചെലവ് രേഖകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ്റ്റോക്ക്-ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) ചെലവ് രേഖകളിൽ ക്ലബ്ബുകൾ സ്പോർട്സ് കിറ്റ് കൈപ്പറ്റിയ രേഖയില്ല. രജിസ്റ്റേഡ് ക്ലബ്ബുകളല്ലാത്തവയ്ക്ക് കിറ്റുകൾ നൽകിയിട്ടില്ലെന്ന് ഉറപ്പാക്കുന്ന സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

3 )Headco എന്ന സ്ഥാപനത്തിന്റെ ഒരേ നമ്പറിലുള്ള (നം. L000118/21.3.23) വ്യത്യസ്ത തുകയുടെ രണ്ട് ഇൻവോയ്സുകൾ (രൂ.199819/-, രൂ.149979/-) സൂക്ഷിച്ചിട്ടുണ്ട്. ഇനങ്ങളുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. ഏത് ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങളാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ സ്റ്റോക്കിലെടുത്ത് പേയ്മെന്റ് സാക്ഷ്യപ്പെടുത്തി ഇൻവോയ്സ് കാൻസൽ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി(നം.6 /17.01.24) നൽകി. രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് മാത്രമാണ് കിറ്റുകൾ നൽകിയതെന്ന് അറിയിച്ചു.
അപാകതൾ പൂർണ്ണമായി പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതു വരെ 1,50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-29 ടെണ്ടർ നടപടി സ്വീകരിക്കാതെ ARTCOയിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങൽ- അപാകത

നിർവ്വഹണം : ICDS സൂപ്പർവൈസർ

| പ്രൊജക്റ്റ് | ബിൽ/ചെക്ക് Etc വിവരം | തുക | ഫണ്ട് | ഇൻവോയ്സ് |
|---|---|---|---|---|
| 48/23, അംഗണവാടികൾക്ക് ഫർണീച്ചർ | 22150847002901443629/ 23.3.23 | 1,47,050 | MG (NR) | KKD674/ 22.3.23 [Steel Desk With Book Shelves Etc 6 Items With Various Rates] |
| 98/23, വയോജനങ്ങൾക്ക് കട്ടിൽ | 22150847002900876972/ 7.12.22 | 4,46,226 | വികസനഫണ്ട് ജനറൽ | MPM43/ 7.11.22 [ഹാർഡ് വുഡ് കട്ടിൽ-8mmപ്ലൈവുഡ്/ മഹാഗണി ടോപ്പ് - 198*90*60*50 Cm] 105 Nos @3601.50 With Out GST |
| 162/23, അംഗണവാടികൾക്ക് യൂണിഫോം നെയിംബോർഡ് | PFMS/22.12.2022 | 72,000 | കേന്ദ്രാവിഷ്കൃത ഫണ്ട് | KKD155/12.12.2022 [24 Nos @2542.37] |
| **ആകെ** | | **665276** | | |

ARTCOയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സ്റ്റീൽ, വുഡൻ ഐറ്റങ്ങളുടെ സ്പെസിഫിക്കേഷനും വിലയും

13.05.2019 ലെ GO(Rt)19/2019/SPD, GO(Rt)20/2019/SPD എന്നീ നമ്പർ സർക്കാർ ഉത്തരവുകളിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത സ്പെസിഫിക്കേഷനും വിലയിലുമുള്ള സാധനങ്ങൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങളും നടപടികളും (ക്വട്ടേഷൻ , ടെണ്ടർ നടപടികൾ) പാലിച്ച് മാത്രം വാങ്ങേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ , സർക്കാർ അനുമതി നൽകിയ ഉത്തരവുകൾ പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയോടും കൂടിയവയാണെന്ന് വ്യക്തമാക്കുന്ന വിവരം ഫയലിൽ ഇല്ല.

പ്രസ്തുത സാധനങ്ങൾ സർക്കാർ ഉത്തരവുകളിൽ വിജ്ഞാപനം ചെയ്ത ഇനങ്ങളിൽ ഉൾപ്പെടുന്നവെന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.24/23.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
സർക്കാർ നിർദ്ദേശം കൃത്യമായി പാലിച്ച് മാത്രം പ്രൊക്യൂർമെന്റ് നടത്തേണ്ടതാണ്. സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 6,65,276 രൂപ തടസ്സം ചെയ്യുന്നു.

## 1-30 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

പി.എം.എ.വൈ-ലൈഫ് ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ഭാഗികമായി ധനസഹായം കൈപ്പറ്റി നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണ ഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തിയ്യതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീമതി.അശ്വതി.കെ.ടി, D/O താമി, കുനത്ത് ഹൗസ്, കക്കാട്ടുപാറ -വാർഡ്3 (DPR-I, ക്ര.നം.19) | ലഭ്യമല്ല | 25,000 |
| | | 28.01.2020 | 1,20,000 |
| | | **ആകെ** | **1,45,000** |
| 2 | ശ്രീമതി.ഹാജറ.വി, C/O അബ്ദുള്ള, വട്ടപ്പറമ്പിൽ, കൊട്ടാരം. വാർഡ് 16 (DPR-I, ക്ര.നം.60) | 25.9.2018 | 25,000 |
| | | 26.11.2018 | 1,00,000 |
| | | **ആകെ** | **1,25,000** |
| 3 | ശ്രീമതി. ജമീല, C/O കുഞ്ഞുമുഹമ്മദ്, പാറക്കൽ, കൊട്ടാരം. വാർഡ് 16 (DPR-I, ക്ര.നം.70) | 23.7.2018 | 25,000 |
| | | 12.8.2020 | 1,60,000 |
| | | ലഭ്യമല്ല | 80,000 |
| | | **ആകെ** | **2,65,000** |
| 4 | ശ്രീ.സുബ്രഹ്മണ്യൻ.കെ.ടി., C/O കോത, കടശ്ശേരിത്തൊടി, തൊഴുവാനൂർ. വാർഡ് 31 (DPR-II, ക്ര.നം.8) | 05.11.2019 | 25,000 |
| | | **ആകെ** | **25,000** |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനും അനിവാര്യമാണെങ്കിൽ തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 21/23.01.2024) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.
നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കാളിയാല റോഡ് പുനരുദ്ധാരണം- ടെൻഡർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി- അധിക തുക 46532 രൂപ തിരിച്ചടവാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭാ എഞ്ചിനീയർ നിർവഹിച്ച കാളിയാല റോഡ് പുനരുദ്ധാരണം- രണ്ടാംഘട്ടം- എന്ന പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത ടെൻഡർ കുറവ് തുക ബില്ലിൽ നിന്നും കുറക്കാതെ കരാറുകാരന് അവസാന ബിൽ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് വിശദാംശങ്ങൾ | നൽകാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|

| | | | |
|---|---|---|---|
| പ്രൊജക്ട് നമ്പർ : 139/2023<br>അടങ്കൽ തുക, ഫണ്ടിനം: 288000/- (റോഡ് സംരക്ഷണ ഗ്രാന്റ്)<br>ചെലവ് തുക, ബിൽ നമ്പർ തീയ്യതി :<br>287233 (നികുതികൾ ഉൾപ്പെടെ)<br>(BRN- 22150847003100455727/ 25.08.2022)<br>കരാറുകാരൻ: ശ്രീ മഷൂദ് . കെ. കല്ലുംപുറത്ത് വീട്, വളാഞ്ചേരി<br>എഗ്രിമെന്റ് നമ്പർ, തീയ്യതി: AE/LID&EW/VLY/ 126/2021-2022 Dtd. 10.03.2022<br>സാങ്കേതികാനുമതി നമ്പർ, തീയ്യതി, തുക: 86567/2021-2022 Dtd. 21.02.2022- തുക- 288000<br>കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്: 16.2% Below<br>പ്രവൃത്തി മൂല്യം: 256458/-<br>GST @12%: 30775/-<br>ടെണ്ടർ കുറവ്: (16.2%) തുക- 41546/- | പ്രവൃത്തി മൂല്യം=256458<br>(-) Tender Below 16.2%= 41546<br>=214912<br>(+) GST 12%= 25789<br>ആകെ= 240701 | 287233 | 46532 രൂപ (GST ഉൾപ്പെടെ) |

മേൽ പരാമർശിച്ച ടെൻഡർ ബിലോ ബില്ലിൽ കുറവ് വരുത്താത്തതിനാൽ 46532 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 17/23.01.2024) മറുപടി നൽകുകയോ തുക ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികം നൽകിയ തുക നഷ്ടോത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കി പൊതു ഫണ്ടിലൊടുക്കി തെളിവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 15.01.2024 മുതൽ 24.01.2024 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം. 38/23 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 22200115/24-05-2022/ ₹28,325/- ,<br>22200202/03-06-2022/ ₹32,610/- | 60935 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 60935/- |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. 319/23- KWA പൈപ്പ് സ്ഥാപിക്കൽ | 32395312724/31-03-2023 ₹18,30,185/- | 18,30,185 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 18,30,185 |
| കെ.എസ്.ഇ.ബി | പ്രൊജക്ട് നം. 155/23 - സ്ട്രീറ്റ് ലൈൻ വലിക്കൽ | 2215084700210021385 /23.12.2022-20,00,000<br>122239431144/23.12.2022 10,00,000 | 3024989 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 3024989 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 22150847002101198432/06.02.2023 24,989 | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ ഭവനപദ്ധതി (HUDCO) | ലഭ്യമല്ല | -- | 35200000 | 2933334 | 0 | 32266666 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 77500 |
| തൻവർഷം നിക്ഷേപിച്ച തുക | 50000000 |
| ആകെ | 50077500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50077500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Share Certificate In Malappuram Co.Op Spinning Mills. No:94 , Dated : 27.07.1977 | 2500 |
| Share Certificate In Malappuram District Co. Op Hospital No: 023 , Dated : 30.09.1993 | 5000 |
| Share Certificate In Malabar Co. Op. Textiles No. 469 , Dated : 14.08.1997 | 50000 |
| Share Certificate In Malappuram District Panchayat Employees Co. Op. Society Ltd No: 351 , Dated : 31.03.2001 | 5000 |
| Share Certificate In Malappuram District Co-Operative Hospital No.17, Dated 17-12-2021 | 15000 |
| Fixed Deposit - Valanchery Service Co-Operative Bank No. 0066922 Date 12-05-2022 | 500,00,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2022-23 വർഷത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-40 | 10538 | മുഹമ്മദാലി | 122110115165/09.03.2023 |
| 2020-21 | 1-30 | 7838 | ഷംസുദ്ദീൻ | 122110114996/09.03.2023 |
| 2019-20 | 1-18 | 10000 | ഷീല | 122110114996/09.03.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-10 | 2015-16 | 8-19 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | നടപടി തുടരുന്നു. |
| 2014-15 | 2-1<br>2-2 | 2016-17 | | അനുബന്ധം-3 വസ്തു നികുതി<br>അനുബന്ധം-4 തൊഴിൽ നികുതി | നടപടി തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-6 | 2017-18 | | മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 183469393 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 198475456 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46532 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7129068 |

**(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 46532 | ശ്രീ. സോജൻ എം പി, മുനിസിപ്പൽഎഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 19,08,885 | ശ്രീ.ഷമീർ മുഹമ്മദ്. ബി,സെക്രട്ടറി (1847950) |
| | | ശ്രീ. ബിജു ഫ്രാൻസിസ്, സെക്രട്ടറി-ഇൻ-ചാർജ് (60935) |
| 1-18 | 30,24,989 | ശ്രീ.ഷമീർ മുഹമ്മദ്. ബി,സെക്രട്ടറി |
| 1-20 | 5,00,000 | ശ്രീ.ഷമീർ മുഹമ്മദ്. ബി,സെക്രട്ടറി |
| 1-23 | 6,87,197 | ശ്രീ. സോജൻ എം പി , മുനിസിപ്പൽഎഞ്ചിനീയർ |
| 1-26 | 1,92,721 | ശ്രീമതി. അമ്പിളി പി, ICDS സൂപ്പർവൈസർ |
| 1-28 | 1,50,000 | ശ്രീമതി. ജെസി ചീരൻ,ഹെഡ് മിസ്ട്രസ്സ് |
| 1-29 | 6,65,276 | ശ്രീമതി. അമ്പിളി പി, ICDS സൂപ്പർവൈസർ |
| ആകെ | 71,29,068 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സോജൻ എം പി , മുനിസിപ്പൽഎഞ്ചിനീയർ | വിരമിച്ചു | മലേക്കുടി ഹൗസ്, മലയാറ്റൂർ പി.ഒ, കെ.എസ്.ഇ.ബി ജംഗ്ഷൻ, എറണാകുളം- പിൻ |

| | | | 683587 |
|---|---|---|---|

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | LFM11/78/98/28-2-03 | 9 |
| 1996-97 | LFM11/378/03/28-2-03 | 1 |
| 1997-98 | LFM11/414/01/28-2-03 | 1 |
| 1998-99 | LFM11/1764/01/28-2-03 | 22 |
| 1999-00 | LFM11/118/02/28-2-03 | 13 |
| 2000-01 | LFM11/1222/01/16-11-02 | 7 |
| 2001-02 | LFM11/935/03/6-8-04 | 15 |
| 2002-03 | LFM12/1286/04/25-4-05 | 5 |
| 2003-04 | LFM9/1422/07/15-2-06 | 12 |
| 2004 -05 | LFM9/297/8-2-07 | 8 |
| 2005-06 | LFM9/298/07/8-2-07 | 10 |
| 2006-07 | LFM9/444/09/7-5-10 | 10 |
| 2007-08 | LFM13/2446/2011/26.12.11 | 8 |
| 2008-09 | LFM13/2447/11/26-12-11(FR) | 7 |
| 2009-10, 2010-11 | LFM13/1543/13/10-09-13 | 26 |
| 2011-12, 2012-13 | LFM13/856/15/02-11-15 | 15 |
| 2013-14, 2014-15 | LFM13/1514/2015/20-04-2016 | 22 |
| 2015-16 | KSAMPM25/241/2017 Dated 19-04-2018 | 16 |
| 2016-17 | KSAMPM25/2456/2017/02-05-2018 | 13 |
| 2017-18 | KSAMPM 25/2869/2018 Dated 19.01.2019 | 22 |
| 2018-19 | KSAMPM25/2265/2019/17-10-2019 | 13 |
| 2019-20 | KSAMPM25/1721/2022/23.09.2023 | 18 |
| 2020-21 | KSAMPM25/1722/2022/ 03-07-2023 | 17 |
| 2021-22 | KSAMPM25/173/2023/ 24-07-2023 | 28 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 25-07-2023 and submitted on 19-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Valanchery Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Valanchery Municipality for the year 2022-2023

**Date: 22/02/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Valanchery Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.The Comparative amounts, mandatory financial statements prescribed in accounting rules are not submitted for audit

2. Bank Reconciliation statements are not duly certified by the Secretary.

3. Deposit Register is not upto date and hence not reliable for audit

4. Advance Register is not upto date and hence not reliable for audit

5.There is no annual abstract is recorded in the following registers and not certified/authorized by the secretary

a) Profession Tax Register, b)License Register, c) Permit Register,d) Register of Private Hospital and Paramedical Institutions.

6. Closing and opening balance of AUEGS does not match with cashbook.

7. Closing balance of 2021-22 does not match with Opening balance of 2022-23.

8. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്